11512
24/5/17

# കേരള സർക്കാർ

## സംഗ്രഹം

ന്യൂനപക്ഷക്ഷേമ വകുപ്പ് - മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്**

**സ.ഉ.(സാധാ) നം.3215/2017/പൊ.ഭ.വ. തിരുവനന്തപുരം, 22-05-2017.**

---

പരാമർശം :- 1) 31-05-2010 -ലെ സ.ഉ.(പി) നം. 209/2010/പൊ.ഭ.വ.

2) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ 10-04-2017-ലെ 3180/എ.ഡി1/17/ന്യൂ.ക്ഷേ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നു പ്രകാരം മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി അംഗീകരിച്ച് ഉത്തരവായിരുന്നു. ടി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് ചികിത്സാ ധനസഹായം അനുവദിക്കണമെന്ന് പരാമർശം രണ്ടു പ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും താഴെപ്പറയുംപ്രകാരം മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് ഉത്തരവു തീയതി മുതൽ ഒരു വർഷത്തേയ്ക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്യുന്നു.

സാധാരണ ചികിത്സ – 100 പേർക്ക് (100 X 5000/- രൂപ) = 5,00,000/-

ഗുരുതരരോഗ ചികിത്സ – 50 പേർക്ക് (50 X 25000/- രൂപ) = 12,50,000/-

ചികിത്സാ ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാർ അംഗീകാരത്തോടുകൂടി നിശ്ചയിക്കേണ്ടതും ധനസഹായം അനുവദിക്കുന്നതിനാവശ്യമായി വരുന്ന തുക ക്ഷേമനിധിയുടെ ആദായത്തിൽനിന്നും വഹിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
*ദിലീപ്കുമാർ വി.ആർ.*
**അഡീഷണൽ സെക്രട്ടറി**

1. ഡയറക്ടർ, ന്യൂനപക്ഷക്ഷേമവകുപ്പ് , വികാസ് ഭവൻ, 4-ാം നില, തിരുവനന്തപുരം.
2. മാനേജർ, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ്, പഴയ ഹജ്ജ് കമ്മിറ്റി ഓഫീസ് ബിൽഡിംഗ്, പുതിയറ പി.ഒ., കോഴിക്കോട് - 04
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ), കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I & PRD.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ*